ഉത്തരം

(എ) ഉണ്ട്. കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി സംബന്ധിച്ച് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച നടത്തുകയും 27-6-2002-ലെ 10841/ബി3/97/ആഭ്യന്തരം നമ്പർ കത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പുതുക്കിയ കരട് ഭേദഗതി ചട്ടങ്ങൾ സമർപ്പിക്കുവാൻ ജയിൽ ഡി. ജി. പി. യോട് സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് ഭേദഗതി നിർദ്ദേശങ്ങൾ പൂർണ്ണ തോതിൽ ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്. ലഭിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും 27-6-2002-ലെ കത്തിലെ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി നൽകണമെന്ന് 20-5-2003-ലെ 10841/ബി3/97/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ജയിൽ ഡി. ജി. പി. യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം മിനിസ്റ്റീരിയൽ തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരെ ഡെപ്യൂട്ടി ജയിലറായും അസിസ്റ്റന്റ് ജയിലറായും തസ്തിക മാറ്റം വഴി നിയമിക്കുന്നത് തടയണമെന്ന് കാണിച്ചുകൊണ്ട് പൊൻകുന്നം സബ്ജയിൽ സൂപ്രണ്ട് ശ്രീ. സാജനും കൂട്ടരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 28521/04 എന്ന കേസ് നിലവിലുണ്ട്.

ഉത്തരമേഖലയിലെ ജയിലുകളിലെ രാഷ്ട്രീയ നേതാക്കളുടെ സന്ദർശനം

96 [834] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, കെ. അച്ചുതൻ:

,, കെ. സി. ജോസഫ്:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമേഖലയിലുള്ള ഏതെല്ലാം ജയിലുകളിലാണ് രാഷ്ട്രീയ നേതാക്കൾ അടിക്കടി സന്ദർശനം നടത്തുന്നത് എന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം രാഷ്ട്രീയ നേതാക്കളാണ് ഇത്തരത്തിൽ സന്ദർശനം നടത്തിയതെന്നും ഇവരുടെ സന്ദർശനത്തിന് നിയന്ത്രണമോ മാർഗ്ഗരേഖകളോ ഉണ്ടാക്കണമെന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഉത്തരമേഖലയിലെ ചില ജയിലുകളിൽ തടവുകാർക്ക് മദ്യവും മയക്കുമരുന്നും എത്തിക്കുന്നതിൽ ഉദ്യോഗസ്ഥൻമാർക്ക് പങ്കുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം ചെയ്യുന്നത് നിയമാനുസൃതമാണോ; അല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അടിക്കടി സന്ദർശനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിവിധ രാഷ്ട്രീയ നേതാക്കൾ തടവുകാരുമായി കൂടിക്കാഴ്ച നടത്തുന്നതിന് ചിലപ്പോഴൊക്കെ എത്താറുണ്ട്.

(ബി) ഇത്തരത്തിൽ കൂടിക്കാഴ്ച നടത്തിയവരുടെ ജയിൽ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്.

(ഡി) നിയമാനുസൃതമല്ല. കർശന നിയന്ത്രണങ്ങൾ ഇപ്പോൾ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

എവറസ്റ്റ് കീഴടക്കിയ ശ്രീ. എസ്. സുരേഷ് കുമാറിന് പ്രഖ്യാപിച്ച പ്രത്യേക പാരിതോഷികം

97 [836] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എവറസ്റ്റ് കീഴടക്കിയ കേന്ദ്ര സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് അംഗം ശ്രീ. എസ്. സുരേഷ് കുമാറിന് 1999-ൽ അന്നത്തെ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച 5 ലക്ഷം രൂപയുടെ പ്രത്യേക പാരിതോഷികം ഇതുവരെ ലഭിച്ചിട്ടില്ല. എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റിന് നിവേദനങ്ങളോ അപേക്ഷകളോ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീ. എസ്. സുരേഷ് കുമാറിന് നൽകുമെന്ന് പ്രഖ്യാപിച്ച തുക ഉടൻ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രീ. എസ്. സുരേഷ് കുമാറിന് പ്രത്യേക പാരിതോഷികമായി സംസ്ഥാന ഗവൺമെന്റ് 5 ലക്ഷം രൂപ പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് ശ്രീ. എസ്. സുരേഷിന്റെ ഭാര്യ ശ്രീമതി അശ്വതി സുരേഷിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ശ്രീ. എസ്. സുരേഷിന്റെ നേട്ടങ്ങളെ പ്രകീർത്തിച്ചുകൊണ്ടും, എന്നാൽ സാമ്പത്തിക സഹായം നൽകാൻ കഴിയില്ലെന്നും അറിയിച്ചുകൊണ്ട് ശ്രീമതി. അശ്വതി സുരേഷിന് മറുപടി നൽകിയിട്ടുണ്ട്.

(ഡി & ഇ) ബാധകമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly